**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2686** **06-10-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാതയുടെ നിർമ്മാണത്തിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതയുടെ നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചുവോ; എങ്കിൽ പ്രസ്തുത ആവശ്യം അംഗീകരിക്കപ്പെട്ടതിനാൽ സംസ്ഥാനത്തെ കയർ വ്യവസായത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ? | (എ) | ദേശീയപാത അതോറിറ്റിയെ കയറിൻെറയും കയർ ഉത്പന്നങ്ങളുടെയും ഉപയോഗസാധ്യതകളും കയറിന്റെ സവിശേഷതകളും ബോധ്യപ്പെടുത്തുകയും പ്രധാനമന്ത്രി ഗ്രാമീണ സടക് യോജന (PMGSY) പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കുന്ന റോഡുകളുടെ ആകെ ദൈർഘ്യത്തിന്റെ നിശ്ചിത ശതമാനം കയർ ഭൂവസ്ത്രം ഉൾപ്പടെയുള്ള പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിന് ധാരണയാകുകയും ചെയ്തിട്ടുണ്ട്. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇൻഡ്യൻ റോഡ് കോൺഗ്രസ്സും (IRC) അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേ അതോറിറ്റിയുടെ കീഴിൽ വരുന്ന റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന സാങ്കേതിക വിദ്യകളും ഭൂവസ്ത്രം ഉൾപ്പടെയുള്ള നിർമ്മാണ വസ്തുക്കളും ഉപയോഗിക്കുവാൻ ധാരണയായിട്ടുമുണ്ട്.<br><br>കയർ വികസന വകുപ്പിന് കീഴിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ദേശീയപാത അതോറിറ്റിയുമായി ചേർന്നുകൊണ്ട് കയർ ഉത്പന്നങ്ങൾ ഉപയോഗിച്ച് മീഡിയനുകളെ സൗന്ദര്യവത്ക്കരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ധാരണയാവുകയും, ആദ്യഘട്ടമെന്നോണം കഴക്കൂട്ടം-കാരോട് ദേശീയപാതയിൽ കഴക്കൂട്ടം മേൽപ്പാലത്തിന്റെ തുടക്കത്തിലും, അവസാനിക്കുന്നിടത്തും 60 മീ. വീതം ആകെ 120 മീ. നീളത്തിൽ നിലവിലുള്ള മീഡിയനിൽ വിവിധയിനം ചെടികൾ ഉപയോഗിച്ച് ഈ പദ്ധതി പൂർത്തീകരിച്ചിട്ടുമുണ്ട്. ദേശീയപാതയിൽ മറ്റിടങ്ങളിൽ കൂടി കയർ ഭൂവസ്ത്രം ഉപയോഗിച്ചുകൊണ്ട് സൗന്ദര്യവത്ക്കരിക്കുന്നതിനുള്ള നടപടികൾ ദേശീയപാത അതോറിറ്റിയുമായി ചേർന്ന് സ്വീകരിച്ച് |

| | | | |
|---|---|---|---|
| | | | വരുന്നു. ഈ ശ്രമങ്ങളുടെ ഭാഗമായി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ **80.48 കോടി രൂപ**യുടെ കയർ ഭൂവസ്ത്രം വിറ്റഴിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ